പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.378 29.06.2016-ൽ മറുപടിയ്ക്ക്

## മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ബി.ഗണേഷ്കുമാർ | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | നാഷണൽ ഗെയിംസിനോടനുബന്ധിച്ച് കേരളത്തിൽ നിർമ്മിച്ച സ്റ്റേഡിയങ്ങളും, കളിസ്ഥലങ്ങളും സംരക്ഷിക്കുന്നതിനും കായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ചു നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ സ്റ്റേഡിയങ്ങളുടെ തുടർ നടത്തിപ്പിനും പരിപാലനത്തിനുമുള്ള ലെഗസി പ്ലാൻ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | 'സ്മൈൽ കേരള' എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നിർമ്മിച്ച മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ നിലവിലെ അവസ്ഥയും ഉപയോഗക്ഷമതയും പരിശോധിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനും നടത്തിപ്പിനുമുള്ള ചുമതല ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. |
| (സി) | സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ടിട്ടുള്ള കായിക നയത്തിൽ എന്തെങ്കിലും ഭേദഗതികൾ ആലോചനയിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ? | (സി) | ഇക്കാര്യം പരിശോധിച്ച്വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**